പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1882

10/03/2020 ൽ മറുപടി നല്കേണ്ടത്.

## ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് തടയുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.ഉമ്മർ** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി) |
| (എ) ഭക്ഷ്യവസ്തുക്കൾ, മറ്റ് നിത്യോപയോഗ സാധനങ്ങൾ എന്നിവയിൽ മായം ചേർത്ത് വിൽപ്പന നടത്തുന്ന പ്രവണത തടയുന്നതിനും അന്വേഷണത്തിലും പരിശോധനയിലും കുറ്റക്കാരെന്ന് കാണുന്നവരെ ശിക്ഷിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) ഭക്ഷണപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്നവരെല്ലാം (Food Business Operators) ഭക്ഷ്യസുരക്ഷാ ലൈസൻസോ രജിസ്ട്രേഷനോ നേടിയിരിക്കേണ്ടതാണ്. ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്തുന്ന പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ട്. ഇതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് സ്റ്റാറ്റ്യൂട്ടറി പരിശോ ധനകൾക്ക് പുറമെ ഉത്സവ സീസണുകളിലും, പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചും പരിശോധനകൾ നടത്തുന്നുണ്ട്. ടി പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്കായിനൽകുന്നു. ഗുണനിലവാരമില്ലാത്തതായി (Substandard) പരിശോധനാ ഫലം ലഭിക്കുന്നതും ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം ലേബൽ ചെയ്യാതെ (Misbranded) ഭക്ഷ്യ വസ്തുക്കൾ വിൽപന നടത്തുന്നവർക്കെതിരെ അഡ്ജ്യൂഡിക്കേഷൻ നടപടികളും ആരോഗ്യത്തിന് ഹാനികരമാണെന്ന് (Unsafe) പരിശോധനാ ഫലം ലഭിക്കുന്ന ഭക്ഷ്യ വസ്തുക്കൾ വിപണനം നടത്തുന്നവർക്കെതിരെ പ്രോസിക്യൂഷൻ നടപടികളും സ്വീകരിക്കുന്നുണ്ട്.<br><br>ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തുന്ന പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണ നിലവാര നിയമപ്രകാരമുള്ള ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും ഭക്ഷ്യസുരക്ഷാ ലൈസൻസ്/രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും ഇംപ്രൂവ്മെന്റ് നോട്ടീസ് |

നൽകുകയും തുടർ പരിശോധനകളിൽ ഇവ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. തുടർ പരിശോധനയിലും ഇവ പരിഹരിക്കപ്പെട്ടില്ലെങ്കിൽ സ്ഥാപനം അടച്ച് പൂട്ടുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) കമ്പോളത്തിലെ കിടമത്സരമാണ് ഇത്തരം പ്രവണതകൾക്ക് കാരണമെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ ഇത്തരം പ്രവണത കർശനമായി തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

ബി) & സി) പരിശോധിച്ചിട്ടില്ല.

(ഡി) ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് തടയുന്നതിന് നിലവിലുള്ള നിയമങ്ങൾ പര്യാപ്തമല്ലെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ;

(ഡി) ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നത് തടയുന്നതിന് നിലവിലുള്ള നിയമം പര്യാപ്തമാണ്.

(ഇ) മായം ചേർത്ത ആഹാര സാധനങ്ങൾ പരിശോധിക്കുന്നതിനുള്ള ലാബുകളിൽ പരിശോധനാ സംവിധാനം കാര്യക്ഷമമല്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) മായം ചേർത്ത ആഹാരസാധനങ്ങൾ പരിശോധിക്കുന്നതിനു വേണ്ടി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി, തിരുവനന്തപുരം, റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, എറണാകുളം, കോഴിക്കോട് എന്നിവ National Accreditation Board for testing and calibration Laboratories (NABL) അക്രെഡിറ്റേഷൻ നേടിയിട്ടുള്ളതിനാൽ ടി ലബോറട്ടറികളിൽ പരിശോധനാ സംവിധാനം കാര്യക്ഷമമായി നടത്തിവരുന്നു. ആയതിനാൽ ടി ലാബുകളിൽ പരിശോധനാ സംവിധാനം കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടില്ല.

(എഫ്) ആഹാരസാധനങ്ങളിൽ മായം ചേർക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങളിൽ ബോധവത്ക്കരണം നടത്തിവരുന്നുണ്ടോ; വിശദാംശം നൽകുമോ?

(എഫ്) IEC (Information Education and Communication) പ്രവർത്തനങ്ങളുടെ ഭാഗമായി ഭക്ഷ്യസുരക്ഷാ വകുപ്പ് ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നതിന്റെ ദൂഷ്യ വശങ്ങൾ വിശദീകരിച്ചുകൊണ്ട് നിരവധി അവബോധന ക്ലാസുകൾ സംഘടിപ്പിക്കുകയും ലഘു ലേഖകൾ വിതരണം ചെയ്യുകയും, ഈ വിഷയത്തിൽ ഭക്ഷ്യവസ്തുക്കളിലെ മായം കണ്ടെത്തുന്നതിനുള്ള എളുപ്പ മാർഗ്ഗങ്ങൾ സംബന്ധിച്ച് ഒരു ഡോക്യുമെന്ററി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് അനലിസ്റ്റ്സ് ലബോറട്ടറി, തിരുവനന്തപുരം, റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറി, എറണാകുളം,

കോഴിക്കോട് എന്നീ ലബോറട്ടറികളുമായി ചേർന്ന് പ്രവർത്തിക്കുന്ന മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറി ഉപയോഗിച്ച് ഭക്ഷ്യവസ്തുക്കളിൽ മായം കണ്ടെത്തുന്നതിനുള്ള ക്വിക്ക് അഡൽട്രേഷൻ ടെസ്റ്റുകൾ, ഭക്ഷ്യസുരക്ഷ സംബന്ധിച്ച് നിരവധി അവബോധന ക്ലാസുകൾ തുടങ്ങിയവ സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത് പദ്ധതിയിലുൾപ്പെടുത്തി റെസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ അംഗൻവാടി പ്രവർത്തകർ, ആശാവർക്കർമാർ, തദ്ദേശസ്ഥാപനങ്ങളിലെ ജന പ്രതിനിധികൾ, പൊതുജനങ്ങൾ തുടങ്ങിയവർക്ക് നൽകി വരുന്നു.

സെക്ഷൻ ഓഫീസർ